പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുക</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1301

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 2012-2013ൽ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചതും, ചെലവഴിച്ചതും, ലാപ്സാക്കിയതുമായ തുകയുടെ വിവരം ലഭ്യമാക്കുമോ; കേന്ദ്രം അനുവദിച്ച തുക ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | 2012-13 ൽ കേന്ദ്രസർക്കാർ അനുവദിച്ച 131117.81 ലക്ഷം രൂപയും സംസ്ഥാന വിഹിതമായ 2102.03 ലക്ഷം രൂപയും ഉൾപ്പെടെ 141668.98 ലക്ഷം രൂപ തൊഴിലുറപ്പ് പദ്ധതിക്ക് ആകെ ലഭ്യമായിരുന്നു. ഇതിൽ 141636.14 ലക്ഷം രൂപ ചെലവഴിച്ചു. സംസ്ഥാനം സമർപ്പിച്ച 2012-13 വർഷത്തെ ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യാധിഷ്ഠിതമായാണ് കേന്ദ്രസർക്കാർ തുക അനുവദിച്ചത്. ആയതിനാൽ തുക ലാപ്സ് ആകുന്ന സാഹചര്യം ഇല്ല. |
| (ബി) | 2013-14 ൽ കേന്ദ്ര സർക്കാർ അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്ര; | (ബി) | 2013-14 ൽ നാളിതുവരെ 42817.93 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. ഇതിൽ 10354.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ജോലി ചെയ്യുന്നവർക്ക് 2013 മെയ് 31 വരെ കുടിശ്ശികയിനത്തിൽ എന്ത് തുക നൽകാനുണ്ട്; ഇപ്രകാരം കുടിശ്ശിക വരാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | 10.06.2013 ലെ പുരോഗതി റിപ്പോർട്ട് (എം.ഐ.എസ്) പ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 9.59 കോടി രൂപ വേതന വിതരണത്തിൽ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തിയായാൽ ഉടൻ പണിയെടുത്ത തൊഴിലാളികളുടെ മസ്റ്റർറോളുകൾ ഡേറ്റാ എൻട്രി ചെയ്തുവരുന്നു. കമ്പ്യൂട്ടർ അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ ഡേറ്റാ |

| | | | |
|---|---|---|---|
| | | | എൻട്രി പൂർത്തിയാകുമ്പോൾ തൊഴിലാളികളുടെ വേതനം കുടിശ്ശികയായി രേഖപ്പെടുത്തുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തൽ/ ചെക്ക്മെഷർമെന്റ് എന്നിവ പൂർത്തിയാക്കി ബന്ധപ്പെട്ട രേഖകൾ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ലഭിച്ച ശേഷം മാത്രമേ പേമെന്റ് നടക്കുകയുള്ളൂ. ഇപ്രകാരം, പ്രസ്തുത പ്രവർത്തനങ്ങളുടെ ഇടവേളയിൽ വേതന കുടിശ്ശിക പ്രതിഫലിക്കുന്നു.. |
| (ഡി) | 2012-13 ൽ തൊഴിലുറപ്പ് പദ്ധതി മുഖേന ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഓരോരുത്തർക്കും ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) | ഒരു കുടുംബത്തിന് ആവശ്യാധിഷ്ഠിതമായി പരമാവധി 100 ദിവസത്തെ തൊഴിൽ നൽകുന്നതിനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്ത് 1693287 കുടുംബങ്ങൾക്കായി 836.41 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതായത് ഒരു കുടുംബത്തിന് ശരാശരി 49.46 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ഇ) | 2013-14 ൽ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഓരോരുത്തർക്കും നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ? | (ഇ) | 2013-14 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റ് പ്രകാരം 1747960 കുടുംബങ്ങൾക്കായി 875.57 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതായത് ഒരു കുടുംബത്തിന് ശരാശരി 50 തൊഴിൽ ദിനങ്ങൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ